പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 894 — 12-12-2012 - ൽ മറുപടിയ്ക്ക്

# നമ്പ്യാർക്കാൻ അണക്കെട്ട് നവീകരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാഞ്ഞങ്ങാട് നഗരസഭയിലെ നമ്പ്യാർക്കാൻ അണക്കെട്ട് ഗതാഗത സൗകര്യത്തോടെ നവീകരിക്കുന്നതിന് ആർ.ഐ.ഡി.എഫ് XVI- ൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചത് എന്നാണ്; എസ്റ്റിമേറ്റ് എത്രയാണ്; | (എ) നബാർഡ് 10-11-2010-ലാണ് അനുമതി നൽകിയത്. ഇത് സംബന്ധിച്ച് 30-11-2010- ലെ ഉത്തരവു പ്രകാരം 435 ലക്ഷം രൂപ യുടെ എസ്റ്റിമേറ്റിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. |
| (ബി) പ്രസ്തുത പദ്ധതി ടെണ്ടർ ചെയ്തത് എന്നാണ്; ടെണ്ടർ എക്സസ് അനുവദിച്ച് ഉത്തരവായത് എന്നാണ്; | (ബി) 28-1-2011-നാണ് ടെണ്ടർ ചെയ്തത്. 10-1-2012-ലെ ഉത്തരവ് പ്രകാരമാണ് ടെൻഡർ എക്സസ് അനുവദിച്ചത് |
| (സി) കരാറുകാരൻ ടെണ്ടർ എക്സസ് ആവശ്യപ്പെട്ടത് എത്രയാണ്; അനുവദിച്ചത് എത്രയാണ്; | (സി) കരാറുകാരൻ എസ്റ്റിമേറ്റ് റേറ്റിനേക്കാളും 35% അധികം നിരക്കാണ് ആവശ്യപ്പെട്ടത്. എസ്റ്റിമേറ്റ് റേറ്റിനേക്കാൾ 26% അധികമാണ് അനുവദിച്ചത്. |
| (ഡി) ഇപ്പോൾ റീ ടെണ്ടറിനു വേണ്ടി എസ്റ്റിമേറ്റ് പുതുക്കിയത് എത്ര രൂപയ്ക്കാണ്; ഇത് കരാറുകാരൻ ആവശ്യപ്പെട്ട ടെണ്ടർ എക്സസ്സിനെക്കാളും എത്ര ലക്ഷം രൂപ കൂടുതലാണ് | (ഡി) 2012 പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം 620 ലക്ഷം രൂപക്കുള്ള എസ്റ്റിമേറ്റാണ്. ഇത് കരാറുകാരൻ ആവശ്യപ്പെട്ട തുകയേക്കാൾ 68.32 ലക്ഷം രൂപ കൂടുതലാണ്. |
| (ഇ) പുതുക്കിയ എസ്റ്റിമേറ്റിന് നബാർഡ് അംഗീകാരം നൽകുന്നതിന് സമയപരിധിയുണ്ടോ; എങ്കിൽ ഏത് തീയതിക്കാണ്; | (ഇ) നബാർഡ് പദ്ധതി അംഗീകരിച്ച തീയതി മുതൽ രണ്ട് വർഷം വരെ കോസ്റ്റ് എസ്കലേഷന് അംഗീകാരം നൽകുന്നതാണ്. |
| (എഫ്) ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (എഫ്) 2012-ലെ പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് അംഗീകാരത്തിനായി നബാർഡിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.